## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1153 **29.9.2011 ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

| **ചോദ്യം**<br>**ശ്രീ.ജി.എസ്. ജയലാൽ** | **ഉത്തരം**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പ് മന്ത്രി)** |
|---|---|
| എ) ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷന്റെ ഒന്നാം നില നിർമ്മാണത്തിനും, ചുറ്റുമതിൽ നിർമ്മാണത്തിനുമായി എത്ര രൂപയാണ് അനുവദിച്ചിരുന്നത്; പണി പൂർത്തീകരിക്കേണ്ട കാലാവധി എന്നാണ്; | എ) ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷന്റെ ഒന്നാം നിലയുടെ നിർമ്മാണത്തിനും ചുറ്റുമതിൽ നിർമ്മാണത്തിനും 100 ലക്ഷം (നൂറ് ലക്ഷം രൂപ) യാണ് അനുവദിച്ചിരിക്കുന്നത്. കാലാവധി 19-12-2010 ൽ അവസാനിച്ചിരുന്നു. തുടർന്ന് 19-4-2011 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| ബി) നിലവിൽ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ ജോലികളുടെ പുരോഗതി അറിയിക്കുമോ; | ബി) കോമ്പോസിറ്റ് ടെണ്ടർ ആയതിനാൽ ഇലക്ട്രിഫിക്കേഷൻ വർക്കിന്റെ പ്രത്യേക എഗ്രിമെന്റ് വയ്ക്കേണ്ടതുണ്ട്. ടി എഗ്രിമെന്റ് വയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ സിവിൽ വർക്കിന്റെ ഭാഗമായി ഫ്ളോർ ടൈൽ പാകുന്ന ജോലി ഇനി ചെയ്യാനുണ്ട്. |
| സി) ഇലക്ട്രിക്കൽ വർക്ക് ഉൾപ്പെടെ എല്ലാ ജോലികളും പൂർത്തീകരിച്ച് എന്നത്തേയ്ക്ക് ഉദ്ഘാടനം നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | സി) 2011 നവംബർ മാസത്തിൽ പണി പൂർത്തീകരിച്ച് ഡിസംബർ മാസത്തിൽ ഉദ്ഘാടനം നടത്താവുന്നവിധത്തിൽ പണി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ